സ്കൂളിൽതന്നെ അധികമായി ലഭിച്ച സഹദ്ധ്യാപികയുടെ പോസ്റ്റിൽ നിലനിർത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ സാമ്പത്തിക നിയന്ത്രണം ഉള്ളതിനാൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അധികമായി അനുവദിച്ച തസ്തിക തടസ്സപ്പെടുത്തിയിരുന്നു. ഗവൺമെന്റിൽ നിന്നും ഉത്തരവ് ലഭിക്കുന്നതിനായി പൊന്നാനി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ അംഗീകാരം ലഭിച്ചാൽ ഉടനെ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. പ്രസ്തുത അദ്ധ്യാപികയുടെ 30-6-2003 വരെയുള്ള ശമ്പളം 7-7-2003-ന് അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകളുടെ വിശദാംശം

184 (2914) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ബാലുശ്ശേരി, ചേവായൂർ ഉപവിദ്യാഭ്യാസ ജില്ലകളുടെ അധികാര പരിധിയിൽപ്പെട്ട ഉള്ളിയേരി, അത്തോളി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട, തലകുളത്തൂർ, എലത്തൂർ പഞ്ചായത്തുകളിൽ ആകെ എത്ര ഗവൺമെന്റ് എൽ.പി., യു.പി. സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ പഞ്ചായത്തിലുമുള്ള ഗവൺമെന്റ് പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത സ്കൂളുകൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

(ഡി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ സ്കൂളുകൾക്ക് സ്ഥലം വാങ്ങാനും കെട്ടിടം പണിയുവാനും പഞ്ചായത്ത് അധികാരികളുടെയും പി.ടി.എ.-യുടെയും നിവേദനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗവൺമെന്റ് എൽ.പി. സ്കൂളുകൾ – 16

ഗവൺമെന്റ് യു.പി. സ്കൂളുകൾ – 5

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) 9 സ്കൂളുകൾ.

1. ജി. എൽ. പി. എസ്. ബാലുശ്ശേരി
2. ജി. എൽ. പി. എസ്. എരമംഗലം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. ജി. എൽ. പി. എസ്. മണ്ണാംപൊയിൽ
4. ജി. എൽ. പി. എസ്. മുണ്ടോത്ത്
5. ജി. എൽ. പി. എസ്. ഉള്ളേ്യരി
6. ജി. എൽ. പി. എസ്. കയഞ്ചേരി
7. ജി. എൽ. പി. എസ്. പുത്തഞ്ചേരി
8. ജി. എൽ. പി. എസ്. എരഞ്ഞിക്കൽ
9. ജി.എഫ്.എൽ.പി. സ്കൂൾ തലകുളത്തൂർ

(ഡി) ലഭിച്ചിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മണ്ണാർക്കാട് ചാലക്കയത്ത് ഹൈസ്കൂൾ അനുവദിക്കുന്നതിന് നടപടി

185 (2916) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ ചാലക്കയത്ത് ഹൈസ്കൂൾ അനുവദിക്കുന്നതിന് എന്തെങ്കിലും കോടതി വിധിയുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി എടുക്കുവാൻ പോകുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കാട്ടാക്കട പ്ലാവൂർ ഗവൺമെന്റ് സ്കൂളിന് സ്ഥലം അകയർ ചെയ്യുന്നതിന് നടപടി

186 (2918) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട പ്ലാവൂർ ഗവൺമെന്റ് സ്കൂൾ എച്ച്. എസ്. ആയി അപ്ഗ്രേഡ് ചെയ്തത് എന്നാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത സ്കൂളിന് രണ്ട് ഏക്കർ സ്ഥലം അകയർ ചെയ്യുന്നതിന് നാട്ടുകാരിൽ നിന്നും ശേഖരിച്ച 24,000 രൂപ ഗവൺമെന്റിൽ കെട്ടിവച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലം അകയർ ചെയ്യാത്തതിനാൽ പി.ടി.എ. ലോകയുക്തയിൽ കേസ് കൊടുക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly